കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് — 'സഹജീവനം' - ഭിന്നശേഷി സഹായകേന്ദ്രം ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(സാധാ) നം.415/2021/സാ.നീ.വ തീയതി, തിരുവനന്തപുരം 13.06.2021

പരാമർശം:- സാമൂഹ്യനീതി ഡയറക്ടറുടെ 22.05.2021, 28.05.2021 തീയതികളിലെ SJD/1971/2021-SC3 നമ്പർ കത്തുകൾ.

## ഉത്തരവ്

കോവിഡ് 19 മഹാമാരി കാരണം സംസ്ഥാനത്തെ ഭിന്നശേഷി വിഭാഗങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും ഒരു വർഷത്തിലേറെയായി പൂർണമായും അടഞ്ഞു കിടക്കുകയാണ്. ഇവരിൽ ഭൂരിഭാഗവും പൂർണമായും മറ്റുള്ളവരെ ആശ്രയിച്ച് സ്വന്തം കാര്യങ്ങൾപോലും ചെയ്യേണ്ടിവരുന്ന ആളുകളാണ്. അതുകൊണ്ടു തന്നെ രക്ഷിതാക്കളിൽ പലർക്കും സ്വന്തമായി ജോലിക്ക് പോകുന്നെങ്കിൽ പോലും, സാധിക്കാതെ ഇവരുടെ സംരക്ഷണത്തിനായി പൂർണ്ണ സമയവും വീടുകളിൽ തന്നെ കഴിയേണ്ടതായ അവസ്ഥ സംജാതമാകുന്നു. ഇത്തരത്തിൽ വീടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നത് ഭിന്നശേഷിക്കാരിൽ പ്രത്യേകിച്ചും ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരിൽ പലവിധ മാനസിക പ്രശ്നങ്ങളും സ്വഭാവ പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. ഇവരെ പരിചരിക്കുന്ന പല രക്ഷിതാക്കളിലും മാനസികമായ തളർച്ചയ്ക്ക് സാധ്യത കൂടുതലാണ്. ആയതിനാൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരു പോലെ മാനസിക പിരിമുറുക്കം ഒഴിവാക്കുന്നതിന് ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ കൗൺസിലിംഗ് പോലുള്ള പ്രവർത്തനങ്ങൾ ഇവർക്കായി ഒരുക്കേണ്ടതുണ്ട് എന്നും ഇവരിൽ പിരിമുറുക്കം ഒഴിവാക്കി സമാധാനം നേടുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്താകെ ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് ഉചിതമായിരിക്കും എന്നും പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിരുന്നു. ആയതിനുള്ള കരട് മാർഗ്ഗ രേഖയും ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. ജില്ലാ തലത്തിൽ നാഷണൽ ട്രസ്റ്റ് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ആണ് ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. പഞ്ചായത്ത് തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ പഞ്ചായത്ത് വളണ്ടിയർമാർ റിപ്പോർട്ട് ചെയ്യേണ്ടതും ബ്ലോക്ക് തലങ്ങളിൽ ഇത് കൺസോളിഡേറ്റ് ചെയ്ത ജില്ലകളിൽ എത്തിക്കുകയും ജില്ലയിൽ നിന്നും റിപ്പോർട്ട് സംസ്ഥാനതലത്തിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതുമാണ്. പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് മറ്റു വകുപ്പുകളുടെ ഏകോപനം സാധ്യമാക്കേണ്ടതാണ്. ഇതിനായി നിലവിൽ ജില്ലകളിൽ സാമൂഹ്യനീതി ഓഫീസറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നാഷണൽ ട്രസ്റ്റ് ജില്ലാ തല മോണിറ്ററിംഗ് കമ്മറ്റി താഴെ പട്ടികപ്പെടുത്തിയത് പ്രകാരം മറ്റു വകുപ്പുകളുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി വിപുലീകരിക്കാവുന്നതാണെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിരിക്കുന്നു.

1. ജില്ലാ സാമൂഹ്യനീതി ഓഫീസർ - ചെയർമാൻ
2. എൽ.എൽ.സി കൺവീനർ - കൺവീനർ
3. ജില്ലാ വനിത - ശിശു വികസന ഓഫീസർ - മെമ്പർ
4. എസ് .എസ് .കെ ജില്ലാ പ്രോഗ്രാം ഓഫീസർ - മെമ്പർ

5. സ്പെഷ്യൽ സ്കൂൾ സംഘടന പ്രതിനിധി - മെമ്പർ
6. ബഡ്സ് സ്കൂൾ ചുമതലയുള്ള കുടുംബശ്രീ ജില്ലാകോർഡിനേറ്റർ - മെമ്പർ
7. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പ്രതിനിധി - മെമ്പർ
8. District Mental Health Programme പ്രതിനിധി - മെമ്പർ
9. State Initiatives on Disabilities ജില്ലാ കോർഡിനേറ്റർ - മെമ്പർ
10. പാലിയേറ്റീവ് സൊസൈറ്റി പ്രതിനിധി - മെമ്പർ
11. ജില്ലയിൽ ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് സന്നദ്ധ സംഘടന പ്രതിനിധികൾ (സാമൂഹ്യനീതി ഓഫീസർ ശുപാർശ ചെയ്യുന്നവർ)

3. 'സഹജീവനം' ഭിന്നശേഷി സഹായ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനം (പഞ്ചായത്ത്, വിദ്യാഭ്യാസം, കുടുംബശ്രീ, ആരോഗ്യം) സാധ്യമാകുന്നതിന് അതാത് വകുപ്പ് മേധാവികൾക്ക് സർക്കാർ തലത്തിൽ നിർദ്ദേശം നൽകണമെന്നും കരട് മാർഗ്ഗ രേഖയ്ക്ക് അംഗീകാരം നൽകണമെന്നും മോണിറ്ററിംഗ് കമ്മറ്റി വിപുലീകരിക്കുന്നതിന് അനുമതി നൽകണമെന്നും സാമൂഹ്യ നീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരു പോലെ മാനസിക പിരിമുറുക്കം ഒഴിവാക്കി സമാധാനം നേടുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്താകെ ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി നിലവിൽ ജില്ലകളിൽ സാമൂഹ്യനീതി ഓഫീസറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നാഷണൽ ട്രസ്റ്റ് ജില്ലാ തല മോണിറ്ററിംഗ് കമ്മറ്റിയിൽ മുകളിൽ പരാമർശിച്ചിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി വിപുലീകരിച്ചുകൊണ്ടും, സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ച മാർഗ്ഗരേഖ അംഗീകരിച്ചും, 'സഹജീവനം' ഭിന്നശേഷി സഹായ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനം (പഞ്ചായത്ത്, വിദ്യാഭ്യാസം, കുടുംബശ്രീ, ആരോഗ്യം) സാധ്യമാകുന്നതിന് അതാത് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിക്കൊണ്ടും, 'സഹജീവനം' ഹെൽപ് ഡെസ്ക് ആരംഭിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ബിജു പ്രഭാകർ**
സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ്സ്.എസ്സ്.എ), കേരള, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ വകുപ്പ്
വിദ്യാഭ്യാസ വകുപ്പ്
ആരോഗ്യ വകുപ്പ്
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ആസൂത്രണസാമ്പത്തികകാര്യവകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Jasmin Thomas
സെക്ഷൻ ഓഫീസർ